## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3466

**24 . 6 . 2 0 1 3- ൽ മറുപടിക്ക്**

### അജ്ഞാത പരാതികളിന്മേലുള്ള അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി. |
| (എ) അജ്ഞാത പരാതികൾ ഇനിമേൽ അന്വേഷിക്കാൻ പാടില്ലാ എന്നുള്ള 21.12.2012-ലെ ജി. ഒ. (പി) 59/2012/ വിജി. ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ ; | (എ) അജ്ഞാത പരാതികളിന്മേലുള്ള അന്വേഷണം ധാരാളം സമയനഷ്ടം വരുത്തുന്നതിനാലും ഇത്തരം ഒട്ടു മിക്ക പരാതികളും വ്യാജപരാതികളാണെന്ന് അന്വേഷണാനന്തരം കണ്ടെത്താറുള്ള സാഹചര്യം കണക്കിലെടുത്തും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ വർദ്ധിച്ചുവരുന്ന ജോലി ഭാരവും, ഉദ്യോഗസ്ഥ അപര്യാപ്തതയും കണക്കിലെടുത്താണ് അജ്ഞാത പരാതികൾ അന്വേഷിക്കേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) ഈ ഉത്തരവുമൂലം നേരിട്ടു വിവരം അറിയിക്കാൻ കഴിയാത്ത സാഹചര്യം മറികടക്കാൻ സർക്കാർ എന്തു മാർഗ്ഗമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) ഒരു ഉദ്യോഗസ്ഥനെയോ, അഴിമതി സംബന്ധിച്ച നിശ്ചിത സംഭവത്തെയോ സൂചിപ്പിച്ച് സമർപ്പിക്കപ്പെടുന്ന വ്യക്തമായ പരാതി, അതു പേരു വയ്ക്കാത്തതോ അല്ലെങ്കിൽ വ്യാജ പേരിലുള്ളതോ ആണെങ്കിൽ കൂടി, അതിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) മുഖേന ഉചിതമായ രഹസ്യ അന്വേഷണം നടത്തുന്നതിനും, കഴമ്പുള്ളതാണെന്ന് കണ്ടെത്തിയാൽ തുടർനടപടികൾ കൈക്കൊള്ളുന്നതിനും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (സി) ധാരാളം അഴിമതികൾ വെളിച്ചത്തു കൊണ്ടു വരുന്നത് അജ്ഞാതപരാതികൾ വഴിയാണെന്നിരിക്കെ, ഉത്തരവ് റദ്ദാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. |

സെക്ഷൻ ആഫീസർ